**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** **06-10-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സഹകരണ വകുപ്പ് ഏതെങ്കിലും ധനസഹായം നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വിവിധ സഹകരണസംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സംസ്കരണ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, പട്ടികജാതി /പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, വനിതാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം സഹകരണ സംഘങ്ങളുടെ വിപുലീകരണത്തിനുംവൈവിധ്യവൽക്കരണത്തിനുമുള്ള സഹായം എന്നിങ്ങനെ സഹകരണ വകുപ്പിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് വരുന്നു. |
| (ബി) | സംഘങ്ങൾക്ക് കീഴിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | വ്യവസായ വകുപ്പുമായി സഹകരിച്ച് പരിശീലന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.<br><br>01.03.2023 ൽ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന സംയുക്ത യോഗത്തിൽ വനിതാ സഹകരണ സംഘങ്ങളെ ഉൽപ്പാദന യൂണിറ്റുകളാക്കി മാറ്റുന്നത് സംബന്ധിച്ച പ്രപ്പോസൽതയ്യാറാക്കുന്നതിലേയ്ക്കായി സംസ്ഥാന തലത്തിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ് എന്നിവർ ചേർന്ന കമ്മിറ്റി രൂപീകരിക്കുന്നതിനും ജില്ലാതലത്തിൽ, ജില്ലാ ജോയിന്റ് രജിസ്ട്രാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ, താലൂക്ക് ഇൻഡ്ടിയൽ ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ